## റിപ്പേർട്ട് സമർപ്പണം

## കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട് മുഖ്യമന്ത്രിക്കുവേണ്ടി സമർപ്പിക്കുന്നു.

## കൃഷി സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ആനുകാലിക റിപ്പോർട്ടും 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ടും

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയ നിർണ്ണയസമിതി I-ന്റെ 1.04.2015 മുതൽ 31.03.2016 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## റിപ്പോർട്ട് പരിഗണന

### കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട് പരിഗണന

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ: സർ, കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.